ഉത്തരം

(എ) & (ബി) ഉണ്ട്. സാധനങ്ങൾ വാങ്ങുന്ന പ്രക്രിയ വികേന്ദ്രീകരിച്ച് അതാത് ചീഫ് എഞ്ചിനീയർമാർക്കും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. അതനുസരിച്ച് ആവശ്യമായ വൈദ്യുത ഉപകരണങ്ങൾ വാങ്ങുന്ന പ്രക്രിയ തുടങ്ങിക്കഴിഞ്ഞു. മിക്ക ഉപകരണങ്ങളും ലഭ്യമായിക്കൊണ്ടിരിക്കുന്നു.

(സി) ഉപകരണങ്ങളുടെ ലഭ്യത അനുസരിച്ച് ചൊക്ലി, പാനൂർ, പാട്യം, പാറാട് എന്നീ സെക്ഷൻ ഓഫീസുകളിലേക്ക് ആവശ്യമായ സാധനങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

'വെർള'യിൽ പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ്

14 [325] *ശ്രീ. ചെർക്കളം അബ്ദുള്ള :* താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലത്തിലെ കിഴക്കൻ മലയോര മേഖലയായ 'വെർള'യിൽ ഒരു പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

'വെർള'യിൽ ഒരു പുതിയ വൈദ്യുത സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

വോൾട്ടേജ് ക്ഷാമം

15 [326] *ശ്രീ. എ. സി. മൊയ്തീൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കാട്ടകാമ്പാൽ, കടവല്ലൂർ ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫോർമർ സ്ഥാപിച്ച് മാസങ്ങളായിട്ടും പ്രവർത്തിക്കാത്തവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ ട്രാൻസ്ഫോർമറുകൾ കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട വൈദ്യുതി പ്രവർത്തികൾക്ക് ഉപകരണങ്ങളില്ലാത്തതിനാൽ കാലതാമസം വരുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 1.4 കി.മീ. 11 കെ. വി. ലൈൻ വലിക്കുകയും 7 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുതിയതായി സ്ഥാപിച്ച 7 ട്രാൻസ്ഫോർമറുകൾ പ്രവർത്തിപ്പിച്ചിട്ടില്ല. അതിനായി പി.റ്റി.സി.സി. (P.T.C.C.) അനുമതിയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിയും ലഭിക്കുവാനുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പയ്യന്നൂർ ടൗൺ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനം

16 [327] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ടൗൺ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പയ്യന്നൂർ ടൗൺ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനി എത്ര തുക ചെലവഴിക്കേണ്ടതായി വരുമെന്നും ഇതിനാവശ്യമായ തുക ലഭ്യമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷത്തിൽ തന്നെ പയ്യന്നൂർ ടൗൺ 33 കെ. വി. സബ്സ്റ്റേഷന്റെ പ്രവർത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പയ്യന്നൂർ ടൗൺ 33 കെ. വി. സബ്സ്റ്റേഷന്റെ കൺട്രോൾ റൂമിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. 33 കെ. വി. ലൈനിന്റെ റൂട്ട് സർവ്വേ പൂർത്തിയായി.

(ബി) ഏകദേശം 140 ലക്ഷം രൂപ വേണ്ടി വരും. പ്രസ്തുത തുക റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ ഫണ്ടിൽ നിന്നും വായ്പയായി ലഭിക്കുന്നതാണ്.

(സി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം 31-3-2006-നകം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനുള്ള നടപടികളാണ് എടുത്തു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly